(ഡി) എക്സ്പ്രസ് ഹൈവേ തുടങ്ങുന്നതിന് എത്ര കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; പ്രസ്തുത തുക പൂർണ്ണമായും കേന്ദ്ര ഗവൺമെന്റ് വാങ്ങിക്കുമോ ; അതോ സംസ്ഥാന ഗവൺമെന്റ് നിശ്ചിത ശതമാനം ചെലവ് വഹിക്കേണ്ടി വരുമോ ; വിശദാംശം വ്യക്തമാക്കാമോ ?

മരാമത്ത് വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ-ഡി) കേരളത്തിൽ മുഴുവൻ നീളം തെക്കുവടക്കായി പോകുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. വിശദമായ ഒരു സാദ്ധ്യതാപഠനം വഴി ഇത്തരമൊരു റോഡിന് അനുയോജ്യമായ ഒരു അലൈൻമെന്റിന് രൂപം കൊടുത്തു കഴിഞ്ഞിട്ടുണ്ട്. വലിയ മുതൽ മുടക്ക് ആവശ്യമായ ഈ പദ്ധതിയുടെ ഫൈനാൻഷ്യൽ സ്ട്രക്ച്ചറിംഗ് ഏത് രീതിയിൽ സാധ്യമാക്കാമെന്ന കാര്യം ഇപ്പോൾ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി കത്തിടപാട് നടത്തിയിട്ടില്ല.

വില്ലേജ് ഹൗസിംഗ് സ്കീം, റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം എന്നിവ പ്രകാരം വായ്പ എടുത്തവർക്ക് മുഴുവൻ മുതൽ സംഖ്യ അടച്ചാൽ പലിശയിൽ ഇളവ്

25(*292) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഹൗസിംഗ് സ്കീം, റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം എന്നീ പദ്ധതികൾ പ്രകാരം വായ്പ എടുത്തവർക്ക് മുഴുവൻ മുതൽ സംഖ്യ അടച്ചാൽ പലശയിൽ ഇളവ് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഇത് പ്രകാരമുള്ള വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രസ്തുത ആനുകൂല്യം എന്നുവരെ ലഭിക്കുമെന്ന് അറിയിക്കാമോ ;

(ഡി) കൂടുതൽ ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതിന് ഇളവ് അനുവദിച്ചിട്ടുള്ള കാലപരിധി ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 26-5-2003-ലെ സ.ഉ.(എം.എസ്) നം. 21/03/ഭവനം പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 26-5-2003-ലെ സ.ഉ.(എം.എസ്) നം. 21/03/ഭവനം പ്രകാരം വില്ലേജ് ഹൗസിംഗ് സ്കീം, റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം എന്നീ പദ്ധതികൾ പ്രകാരം എടുത്ത വായ്പയിൽ കുടിശ്ശിക വരുത്തിയിട്ടുള്ള ഗുണഭോക്താക്കളിൽ 31-7-2003-നകം മുതൽ തിരിച്ചടയ്ക്കുന്നവരുടെ പലിശയും പിഴപ്പലിശയും എഴുതിതള്ളാൻ അനുവാദം നൽകി ഉത്തരവായിട്ടുണ്ട്.

(സി) 31-7-2003 വരെ ലഭിക്കും.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സ്വാശ്രയ പ്രൊഫഷണൽ കോളേജിലെ മെരിറ്റ്, മാനേജ്മെന്റ് സീറ്റ് അനുപാതം സംബന്ധിച്ച സുപ്രീം കോടതി വിധി

26 (*293) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വാശ്രയ പ്രൊഫഷണൽ കോളേജിലെ മെരിറ്റ്, മാനേജ്മെന്റ് സീറ്റ് അനുപാതം സംബന്ധിച്ച സുപ്രീം കോടതി വിധി എന്താണ് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) സ്വാശ്രയ പ്രൊഫഷണൽ കോളേജിലെ മെരിറ്റ്, മാനേജ്മെന്റ് സീറ്റ് അനുപാതം തീരുമാനിക്കാൻ ഉന്നതതല കേന്ദ്ര സമിതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സമിതി ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(സി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരോ, എ.ഐ.സി.ടി.ഇ.യോ ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സുപ്രീം കോടതി വിധിയടക്കം കേന്ദ്ര നിർദ്ദേശങ്ങളുടെ കോപ്പി ലഭ്യമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ടി.എം.എ.പൈ ഫൗണ്ടേഷൻ ആന്റ് അദേഴ്സ് (വിസ്) കർണ്ണാടക സ്റ്റേറ്റ് ആന്റ് അദേഴ്സ് (റിട്ട് പെറ്റീഷൻ സിവിൽ നമ്പർ. 317/99) എന്ന കേസിന്റെ വിധിയുടെ 68-ാം തസ്തികയിൽ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഗവൺമെന്റ് സീറ്റുകളുടേയും മാനേജ്മെന്റ് സീറ്റുകളുടെയും അനുപാതം എത്രയാകണമെന്ന് സർക്കാർ, പ്രാദേശികമായ ആവശ്യങ്ങൾ പരിഗണിച്ച് നിശ്ചയിക്കണമെന്നും, ഇപ്രകാരം നിശ്ചയിക്കുന്നത് സ്വാശ്രയ

LIBRARY ARCHIVES Kerala Legislative Assembly